സഹകരണ കോളേജ്.

* 992. [18] ശ്രീ. യു. നീലകണ്ഠൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണകോളേജിൽ ട്രെയിനിംഗ് കൊടുക്കുന്നതിനു വേണ്ടി 55 അക്ടോബറിൽ എത്രപേരെ തിരഞ്ഞെടുത്തു;

(ബി) സെലക്ഷന്റെ മാനദണ്ഡമെന്തായിരുന്നു; സമുദായ പരിഗണന ഉണ്ടായിരുന്നോ; സമുദായം തിരിച്ചുള്ള കണക്കെത്ര?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) നാല്പത് (40)

(ബി) S. S. L. C. പാസ്സായിട്ടുള്ള സഹകരണസംഘം ജീവനക്കാർക്കു മാത്രമായി പ്രവേശനം പരിമിതപ്പെടുത്തി. അതിൽ സെൻട്രൽ സഹകരണസംഘങ്ങളിൽനിന്നും പഞ്ചവത്സരപദ്ധതിപ്രകാരം തിരഞ്ഞെടുത്തിട്ടുള്ള സംഘങ്ങളിൽനിന്നുമുള്ള അപേക്ഷകർക്കു മുൻഗണന നൽകി. സാമുദായികപ്രാതിനിദ്ധ്യം കഴിവുള്ളിടത്തോളം നൽകുന്നതിനു ബോർഡു ശ്രദ്ധിച്ചിട്ടുണ്ട്. സമുദായം തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

	നായർ	12	
ക്രിസ്ത്യൻ	സിറിയൻക്രിസ്ത്യൻ	4	12
	റോമൻകത്തോലിക്കൻ	1	
	ലത്തീൻകത്തോലിക്കൻ	5	
	നാടാർ ക്രിസ്ത്യൻ	1	
	കേരളമുതലി ക്രിസ്ത്യൻ	1	
	ഹിന്ദു നാടാർ	1	
	ഈഴവൻ	9	
	വെള്ളാളൻ	1	
	വെളുത്തേടൻ	1	
	സാരസ്വത് ബ്രാഹ്മിൻ	1	
	പുലയൻ	1	
	മുസ്ലീം	1	
	ചാലിയാ	1	
		40	

അരിയും, പാൽപ്പൊടിയും.

* 993. [19] ശ്രീ. പി. കെ. അബ്ദുൽ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകാരോഗ്യസംഘടനയിൽനിന്നും 1954-ലും, 1955-ലും കൂടി എത്ര അരിയും, പാൽപ്പൊടിയും ഈ ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ട്.

(ബി) ഇതിൽ എത്ര അരിയും, പാൽപ്പൊടിയും തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ വിതരണം ചെയ്തു;

(സി) മറ്റു ഡിസ്ട്രിക്റ്റുകളിൽ എത്ര?

LIBRARY ARCHIVES Kerala Legislative Assembly